പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 504 27-9-2011 —ൽ മറുപടിക്ക്

## വികസന ആവശ്യങ്ങൾക്കായി ഭൂമി ഏറ്റെടുക്കുമ്പോൾ നൽകാനുദ്ദേശിക്കുന്ന ആനുകൂല്യങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എ.എം. ആരിഫ് | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) വികസന ആവശ്യങ്ങൾക്കായി ഭൂമി ഏറ്റെടുക്കുമ്പോൾ എന്തെല്ലാം ആനുകൂല്യങ്ങളാണ് ഭൂവുടമകൾക്ക് നൽകുവാൻ ഉദ്ദേശിക്കുന്നത്; ഇതു സംബന്ധിച്ചുള്ള ഗവൺമെന്റ് ഉത്തരവ് ഇറങ്ങിയോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) അരൂർ മണ്ഡലത്തിലെ തുറവൂരിൽ കിൻഫ്രാ മുഖേന വ്യവസായ പാർക്കിനായി എത്ര ഏക്കർ സ്ഥലമാണ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്; ഒഴിപ്പിക്കേണ്ടി വരുന്ന ഭൂവുടമകൾക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ നൽകുവാനാണ് ഉദ്ദേശിക്കുന്നത്;. സൗജന്യമായി നൽകുന്ന ഭൂമിയിൽ 10 സെന്റ് വീതം പള്ളിപ്പുറം ഗ്രോത്ത് സെന്ററിന് ഭൂമി ഏറ്റെടുത്തപ്പോൾ നൽകിയതുപോലെ നൽകുവാനുള്ള നടപടി സ്വീകരിക്കുമോ; ഇവർക്കാവശ്യമായ റോഡ്, വെള്ളം, വെളിച്ചം തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങൾ നടപ്പിലാക്കുമോ ? | (ബി) അരൂർ മണ്ഡലത്തിലെ തുറവൂരിൽ കിൻഫ്രാ മുഖേന വ്യവസായ പാർക്കിനായി 125 ഏക്കർ സ്ഥലമാണ് ഏറ്റെടുക്കാൻ അനുമതി നൽകിയിട്ടുള്ളത്. ഒഴിപ്പിക്കേണ്ടി വരുന്ന ഭൂവുടമകൾക്ക് നൽകേണ്ട ആനുകൂല്യങ്ങൾ, മറ്റു സൗകര്യങ്ങൾ എന്നിവയെക്കുറിച്ച് പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ